
# ഗവ.യു.പി.എസ് ചാല



# മിഷൻ 2025

## അക്കാദമിക് മാസ്റ്റർ പ്ലാൻ



# ഉള്ളടക്കം


| Sl No | Title | Page No |
|---|---|---|
| 1. | ആമുഖം | 1 |
| 2. | ലക്ഷ്യങ്ങൾ | 2 |
| 3. | അക്കാദമിക മാസ്റ്റർ പ്ലാനിലെ പ്രധാന പ്രവർത്തനങ്ങൾ | 3 |
| 4. | സ്കൂൾ തല പ്രവർത്തനങ്ങൾ | 4 - 37 |
| 5. | ഉപസംഹാരം | 38 |

## സന്ദേശം

"സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും" എന്ന കാഴ്ച്പ്പാടിലൂന്നി വിദ്യാലയത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിയാണ് " മിഷൻ 2025 "എന്ന സ്കൂൾ മാസ്റ്റർപ്ലാൻ ഞങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. അക്കാദമികം, ഭൗതികം, സാമൂഹികം എന്നിങ്ങനെ പ്രവർത്തനങ്ങളുടെ ക്രമീകരണവും പ്രത്യേക കാലപരിധിയിൽ കുട്ടികളിൽ വികസിക്കേണ്ടതായ കഴിവുകളും നേട്ടങ്ങളും ഈ വികസന രേഖ വെളിപ്പെടുത്തുന്നു. കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ കഴിവുകളുടെ പ്രകാശനം വിവിധ നിലകളിൽ പേരിനെ അന്വർത്ഥമാക്കുന്ന ശോഭയിൽ തിളങ്ങുമെന്ന ഉറച്ച വിശ്വാസത്തോടെ ഈ സമഗ്ര വിദ്യാലയ വികസന രേഖ "മിഷൻ 2025" ബഹുജന സമക്ഷം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

**സൗപർണിക എസ് കുമാർ**
**(PTA പ്രസിഡന്റ്)**

**ബിന്ദു.വി.എസ്**
**(ഹെഡ്മിസ്ട്രസ്)**

**ബിന്ദു. എം**
**(SRG കൺവീനർ)**

# ആമുഖം

2025 – 2026 അധ്യായന വർഷത്തിൽ കുട്ടികളുടെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസമാണ് ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന മറ്റ് അക്കാദിമ നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളുമാണ് ലക്ഷ്യമിടുന്നത്. ഈ അധ്യായന വർഷത്തിൽ കുട്ടികൾക്ക് ഭാഷയിലും, ശാസ്ത്രത്തിലും ഗണിതത്തിലും കൂടുതൽ അവബോധം ഉണ്ടാക്കാനും സമൂഹത്തിൽ വിദ്യാസമ്പന്നരായി മാറാനും ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നതാണ്. ഈ വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നത്.

# ലക്ഷ്യങ്ങൾ

1. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം
2. എൽ.കെ.ജി മുതൽ 7-ാം ക്ലാസ്സ് വരെ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാൻ ഉതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
3. അധ്യാപനവും അധ്യായനവും സർഗ്ഗാത്മകവും രസക രമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.
4. ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗ്ഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടികളുടെ നിലവാരം പരിഗണിച്ചാണ് അക്കാദമിക / ക്ലാസ്സ് തല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.
5. കുട്ടികളുടെ ശേഷിവികാസനപ്രവർത്തനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്.

## അക്കാദമിക മാസ്റ്റർപ്ലാനിലെ പ്രധാന പ്രവർത്തനങ്ങൾ

**LP**

- പ്രവർത്തന കലണ്ടർ
- പാട്ടരങ്ങ്
- സംയുക്തഡയറി
- വായനോത്സവം മുതൽ മലയാളം മധുരം വരെ
- റീഡേഴ്സ് തീയറ്റർ
- കഥോത്സവം
- നിർമ്മാണ ശില്പ ശാലകൾ
- രചനോത്സവം
- കാവ്യോത്സവം
- Speech Bubbles

**UP**

- Helping Hand
- Inspire Award
- വായനോത്സവം
- ശാസ്ത്രോത്സവം
- ഗണിതോത്സവം
- ശില്പശാലകൾ

| മാസ്റ്റർ പ്ലാൻ എൽ.കെ.ജി 3+ | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ശേഷികൾ |
| 1 | ഭാഷാപരമായഅറിവ് നേടൽ | കഥ പറയൽ, കഥ കേൾക്കാൻ അവസരമൊരുക്കൽ, പാട്ട് കേൾക്കാൻ അവസരമൊരുക്കൽ, ഒറ്റയ്ക്കും സംഘമായും പാട്ട് അവതരിപ്പിയ്ക്കൽ, ചിത്രവായന, മുഖം മൂടി ഉപയോഗിച്ച് അഭിനയം ചെറിയ ചെറിയ അക്ഷരങ്ങളും അവ ഉൾക്കൊള്ളുന്ന വാക്കുകളും കാണാനും കേൾക്കാനും പറയുവാനുമുള്ള അവസരമൊരുക്കൽ | ഒരു വർഷം | ക്ളാസ് അദ്ധ്യാപകർ | താളാത്മകമായി ശബ്ദം ഉണ്ടാക്കുന്നതിനും ശരീരാവയവങ്ങൾ യഥേഷ്ടം ചലിപ്പിക്കുന്നതിനും കഴിയുന്നു. പാട്ടുകൾ കേൾക്കുന്നതിനും, പാടുന്നതിനും ആസ്വദിക്കുന്നതിനും കഴിയുന്നു കഥകൾ അവതരിപ്പിക്കുകയും കേൾക്കുകയും ചെയ്യുന്നതിലൂടെ ഭാഷാവികാസം നേടുന്നു |

മേഖല: അക്കാദമികം
ക്ലാസ് : 47(പ്രീ. പ്രൈമറി)

| ക്രമ നമ്പർ | ഉദ്ദേശ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | ശേഷികൾ |
|---|---|---|---|---|---|
| 1 | കുടുംബത്തെ പരിചയപ്പെടൽ<br><br>പ്രാഗ്വായന<br><br>ഭാഷാപരമായ അറിവ്<br><br>ആരോഗ്യം, ശുചിത്വം | -കുടുംബവുമായി ബന്ധപ്പെട്ട<br>-പാട്ടുപാടി അഭിനയിക്കൽ<br>-ആസൂത്രിതകളികൾ<br>-പക്ഷികളുടെയും മൃഗങ്ങളുടെയും ചലനങ്ങൾ<br>ശുചീകരണ പ്രവർത്തനങ്ങൾ<br>ശരീര ശുചിത്വം പാലിക്കൽ<br>വസ്ത്ര ശുചിത്വം പാലിക്കൽ<br>പരിസര ശുചിത്വം പാലിക്കൽ | ജൂൺ | ക്ലാസ് അധ്യാപിക<br>SRG | കണ്ടും കേട്ടും മനസ്സിലാക്കിയ സംഭവങ്ങൾ, വിവരണങ്ങൾ, കഥകൾ എന്നിവ ആശയ ചോർച്ച യില്ലാതെ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ കഴിയുന്നു. ചിത്രകഥകൾ നിരീക്ഷിച്ച് കഥ ഊഹിച്ചു പറയാൻ കഴിയുന്നു |

| | | | | | |
|---|---|---|---|---|---|
| | പ്രകൃതിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ (മഴ, വേനൽ, തണുപ്പ്) | ചിത്ര വായന മഴകഥ പറയൽ<br>ചിത്രകഥ ക്രമീകരിക്കൽ കാഥോത്സവം | ജൂലൈ | ക്ളാസ് അധ്യാപക PTA | -ചിത്രങ്ങൾ, വസ്തുക്കൾ, പ്രകൃതി എന്നിവ കണ്ട് (പ്രാഗ് വായന) ആശയങ്ങൾ പറയാൻ കഴിയുന്നു |
| | സസ്യങ്ങൾ - പഴങ്ങൾ പരിചയപ്പെടൽ | പഴങ്ങൾ മേനി പറയുന്നു<br>പഴം തിന്നൽ അഭിനയം(ശാസ്ത്രയിടം ഉപയോഗപ്പെടുത്തുന്നു) | ആഗസ്ത് | | -പഞ്ചേന്ദ്രിയങ്ങൾ പ്രയോജനപ്പെടുത്തി വസ്തുക്കൾ / ജീവജാലങ്ങൾ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്താനും വാചികമായി അവതരിപ്പിക്കാനും കഴിയുന്നു. |
| | ആഹാരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയൽ | ഇഷ്ടപ്പെട്ട ആഹാരത്തെക്കുറിച്ച് പറയൽ ആഹാരവുമായി ബന്ധപ്പെട്ട ചോദ്യോത്തരപ്പാട്ടുകൾ പാടൽ | | | -വിവിധയിനം പാട്ടുകൾ ശ്രദ്ധയമായി കേൾക്കാനും, ആസ്വദിക്കാനും കഴിയുന്നു. |

| | | | | | |
|---|---|---|---|---|---|
| | പൂക്കൾ, പൂത്തോട്ടം, ശലഭങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയാനും മനസ്സിലാക്കാനും കഴിയുന്നു | പൂക്കളുമായി ബന്ധപ്പെട്ട അഭിനയ ഗാനങ്ങൾ<br>വരയുത്സവം | സെപ്തംബർ | ക്ലാസ് അധ്യാപക<br>SRG<br>SMC<br>PTA | -കേട്ടപാട്ടുകൾ താളാത്മകമായി പാടാൻ കഴിയുന്നു |
| | പ്രാഗ് ലോകനം | വരയിടം ഉപയോഗപ്പെടുത്തുന്നു | | | |
| | വിവിധയിനം ആഘോഷങ്ങൾ (ഓണം - റംസാൻ) | ക്ലാസ് മുറി അലങ്കരിക്കൽ, ശുചീകരണ പ്രവർത്തനങ്ങൾ, പൂന്തോട്ടമൊരുക്കൽ,വിശേഷ ആഹാരം | ഒക്ടോബർ | | -പ്രാഗ് ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടുത്താനാവുന്നു. |
| | ഗാന്ധിജിയെ അറിയൽ | ഗാന്ധിജിയുമായി ബന്ധപ്പെട്ട കഥകൾ കേൾക്കുന്നു. പാട്ടുകൾ പാടുന്നു | | | |

| | | | | | |
|---|---|---|---|---|---|
| | ജീവികൾ, വളർത്തു മൃഗങ്ങൾ - വളർത്തു പക്ഷികൾ അറിയൽ | മൈമിങ്ങ്<br>ICT<br>പാവ നിർമ്മാണം<br>പാവകളി<br>ശിശുദിന പ്രവർത്തനങ്ങൾ<br>ആട്ടവും പാട്ടും<br>ഉത്സവം | നവംബർ | ക്ലാസ് അധ്യാപക<br>SRG<br>SMC<br>PTA | -കൂട്ടുകൂടിയുള്ള കളികളിൽ ഏർപ്പെടാൻ കഴിയുന്നു |
| | ക്രിസ്മസ് | ക്ലാസ് മുറി അലങ്കരിക്കൽ, ശുചീകരണ പ്രവർത്തനം, ക്രിസ്മസ് ആഘോഷപരിപാടികൾ അവതരിപ്പിക്കൽ | ഡിസംബർ | PTA | -കളിപ്പാട്ടങ്ങൾ നിർമ്മിക്കാൻ കഴിയുന്നു |

| | | | | | |
|---|---|---|---|---|---|
| | | നാടുകാണൽ<br>കണ്ട കാര്യങ്ങൾ പറയൽ | ജനുവരി | ക്ലാസ് അധ്യാപിക | കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്താനും അനുഭവത്തിന്റെ പിൻബലത്തിൽ നിഗമനങ്ങൾ അവതരിപ്പിക്കാൻ കഴിയുന്നു |

LP
മേഖല - അക്കാദമികം
ഉപമേഖല - ഭാഷ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ഭാഷ -ശേഷി വികസനം | ചിത്രവായന, ചിത്രം നോക്കി കഥ പറയൽ, ലഘു കുട്ടികവിതകൾ ചൊല്ലൽ | ജൂൺ to മാർച്ച് | അധ്യാപകർ PTA | SSA |
| 2 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷര കാർഡുകൾ, പദകാർഡുകൾ, ചിഹ്നം ചേർത്തെഴുതൽ, അക്ഷരങ്ങൾ ചേർത്ത് പദം നിർമ്മിക്കൽ, പ്രൈമറി കുട്ടികൾക്കനുയോജ്യമായ ലൈബ്രറി പുസ്തകങ്ങൾ നൽകൽ, ICT സാധ്യത പ്രയോജനപെടുത്തൽ | " | " | " |
| 3 | കുട്ടിക്കൂട്ടങ്ങൾ | എഴുത്തുകൂട്ടം<br>കുട്ടികളെ ഉൾപ്പെടുത്തി എഴുത്തുക്കൂട്ടം , വായനക്കൂട്ടം സംഘടിപ്പിക്കൽ | " | " | " |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 4 | റിഡേഴ്സ് തിയറ്റേർസ് | കഥകൾ,കവിതകൾ എന്നിവ വായിച്ച് അവതരിപ്പിക്കുന്നതിന് | സെപ്തംബർ to ഒക്ടോബർ | അധ്യാപകർ PTA | SSA |
| 5 | അമ്മവായന | രക്ഷിതാക്കൾക്കായി ലൈബ്രറി പുസ്തകങ്ങൾ വായനയ്ക്കായി നൽകുന്നു. | ജൂൺ to മാർച്ച് | " | |
| 6 | ക്ലാസ് ലൈബ്രറി സജ്ജീകരണം | പ്രൈമറി ക്ലാസ്സുകൾക്കനുയോജ്യമായപുസ്തകങ്ങൾ ക്രമീകരിക്കുന്നു. ക്ലാസ് ലൈബ്രറിയനെ തിരഞ്ഞെടുക്കുന്നു. | " | " | |
| 7 | മാഗസീൻ | ക്ലാസ് തലത്തിൽ മാഗസീൻ നിർമ്മാണം | മാർച്ച് | " | |

LP
മേഖല - അക്കാദമികം
ഉപമേഖല - ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം | ജൂൺ - മാർച്ച് | അധ്യാപകർ ഗണിത ക്ലബ് | |
| 2 | ചതുശ്ക്രിയകൾ ഉറപ്പിക്കൽ | ഗണിത കേളികളിലൂടെ ഗണിത പഠനം രസകരമാക്കാൻ | " | " | |
| 3 | ഗണിതലാബ് | ക്ലാസ് തല ഗണിതലാബ് ഒരുക്കൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ | " | " | SSA |
| 4 | ഗണിത പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഉല്ലാസഗണിതം, ഗണിത വിജയം കിറ്റുകൾ ഉപയോഗിച്ച് ഗണിത കേളികൾ ഗണിത പാറ്റേണുകൾ, ഗണിത കഥകൾ, ICT സാധ്യത മുതലായവയിലൂടെ പരിഹരിക്കൽ | " | " | |

LP
മേഖല - അക്കാദമികം
ഉപമേഖല - പരിസരപഠനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ശാസ്ത്രാവബോധം വളർത്തൽ | * കണ്ടെത്താം അറിയാം<br>* ലഘു പരീക്ഷണങ്ങൾ<br>* കണ്ടെത്തുന്നു<br>* കുറിപ്പ് തയ്യാറാക്കൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | അധ്യാപകർ<br>സയൻസ് ക്ലബ് | PTA<br>SSA |
| 2 | പ്രകൃതി വിഭവ സംരക്ഷണം | * ജൈവ വൈവിധ്യ പാർക്ക്<br>തടയണ മഴക്കുഴി, നിർമ്മാണം<br>ജലസോതസ്സുകൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂൺ - മാർച്ച് | " | " |
| 3 | ശാസ്ത്രപരീക്ഷണം | * ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു | മാസത്തിൽ ഒന്ന് | " | " |
| 4 | ശാസ്ത്ര നാടകം/ പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം | സപ്തംബർ<br>ഡിസംബർ | " | " |

മേഖല : അക്കാദമികം
ഉപമേഖല : അറബിക്
ക്ലാസ് : I to IV

| ലക്ഷ്യങ്ങൾ | പ്രവർത്തങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു | • അക്ഷരവായന | I,II | ജൂൺ-ജൂലൈ | അധ്യാപകർ | അധ്യാപകർ |
| | • ക്ലാസ് വായന | I,II | ജൂൺ-ഫെബ്രുവരി | | PTA |
| | • ലൈബ്രറി വായന | III,IV | | | SRG |
| | • ചിത്ര വായന | I to IV | | | |
| | • മാഗസിൻ വായന | III,IV | നവംബർ,ഡിസംബർ | | |
| | • വീടുവായന | I to IV | | | |
| | • കഥാവായന | III,IV | | | |
| | • വായന മത്സരങ്ങൾ | II,III,IV | ജൂൺ, മാർച്ച് | | |
| | • മോണിറ്ററിംഗ് | | " | | |
| | • വാക്യങ്ങൾ ഉറപ്പിക്കൽ | I to IV | " | | |
| | • വ്യാകരണങ്ങൾ | III,IV | " | | |
| | • ഇ- വായന | I to IV | " | | |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന് | • ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു | I TO IV | ജൂലൈ, മാർച്ച് | അധ്യാപകർ | അധ്യാപകർ |
| | •ലാംഗ്വേജ് ഗെയിംസ് | | | | |
| | • റോൾ പ്ലേ | | " | | PTA |

| | | | | | |
|---|---|---|---|---|---|
| | • ക്ലാസ് സംഭാഷണം | I to IV | | | |
| | • കാർട്ടൂൺ | | | | |
| | • പ്രദർശനം | I to IV | ആഗസ്റ്റ് to ഫെബ്രുവരി | | |
| | • പദസമ്പത്ത് വർദ്ധിപ്പിക്കൽ | III,IV | | | |
| | • ഡ്രമാറ്റൈസേഷൻ | I to IV | | | |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | • അക്ഷരങ്ങൾ ഉറപ്പിക്കൽ | III,IV | ജൂൺ, മാർച്ച് | അധ്യാപകർ | അധ്യാപകർ |
| | • പടങ്ങൾ ഉറപ്പിക്കൽ | | " | | |
| | • ചിഹ്നങ്ങൾ ഉറപ്പിക്കൽ | I,II,III | " | | |
| | • കൂട്ടി എഴുത്ത് | | " | | |
| | • അക്ഷരകാർഡ് നിർമ്മാണം | I,II | " | | |
| | • കയ്യെഴുത്ത് മാസിക | " | ഡിസംബർ, | | PTA |
| | • ചുമർ പത്രിക നിർമ്മാണം | " | സെപ്തംബർ to മാർച്ച് | | |
| | • ചാർട്ടെഴുത് | " | | | |
| | • ചിത്രകഥ നിർമ്മിക്കൽ | III,IV | ഒക്ടോബർ to ഫെബ്രുവരി | | |

| യു. പി. മലയാളം | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| 1 | അക്ഷരവും ചിഹ്നവും ഉറപ്പിക്കൽ | 5, 6, 7 ക്ളാസ്സുകളിൽ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറക്കാത്ത കുട്ടികളുണ്ട്. അവർക്കുവേണ്ടി അക്ഷരകാർഡുകൾ പദകാർഡുകൾ ചിഹ്നങ്ങൾ ചേർത്തെഴുതുന്നതിനു വേണ്ടിയുള്ള കാർഡുകൾ എന്നിവ നൽകുന്നു. ചിഹ്നങ്ങൾ ചേർത്തു വായിക്കൽ ചെറിയ വാക്യങ്ങൾ വായിക്കൽ വായന കാർഡ് നൽകൽ ഈ പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് സ്വന്തമായി പദങ്ങളും വാക്യങ്ങളും നിർമ്മിക്കാനും വായിക്കാനും കഴിയുന്നതാണ്<br><br>ICT സാധ്യത | ജൂൺ - ജൂലൈ മാസം | ക്ലാസ് അധ്യാപകർ | സ്റ്റാഫ് ഫണ്ട് |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| 2 | കുട്ടികളെ സ്വതന്ത്ര വായനയിലേക്ക് നയിക്കുന്നു | റീഡിങ് തീയേറ്റർ കുട്ടികൾക്ക് പാഠപുസ്തകത്തിലെ കവിതകളും കഥകളും അവതരിപ്പിക്കുന്നതിന് | 9 മാസം | എസ്.ആർ.ജി<br>ക്ലാസ് അധ്യാപകർ | പി ടി എ |
| 3 | കുട്ടികളുടെ സർഗാത്മക രചനകളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി | കുട്ടിക്കൊരു മാഗസിൻ<br>ക്ലാസ്സിനൊരു മാഗസിൻ<br>സ്കൂളിനൊരു മാഗസിൻ | 9 മാസം | വിദ്യാരംഗം കലാസാഹിത്യവേദി<br>S.R.G<br>ക്ലാസ് അധ്യാപകർ<br>PTA, SMC | സ്റ്റാഫ് ഫണ്ട് |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4 | കുട്ടികളെ സ്വതന്ത്ര വായനയിലേക്കും രചനയിലേക്കും നയിക്കുക | രചനാ ശില്പശാലകൾ സംഘടിപ്പിക്കുന്നു | 9 മാസം | S.R.G<br>ക്ലാസ് അധ്യാപകർ<br>പി ടി എ | പി ടി എ |
| 5 | വായനക്കൂട്ടം<br>എഴുത്തുകൂട്ടം | കുട്ടികളെ സംഘടിപ്പിച്ച് വായനക്കൂട്ടം, എഴുത്തുകൂട്ടം എന്നിവ സംഘടിപ്പിക്കുന്നു | 9 മാസം | S.R.G<br>ക്ലാസ് അധ്യാപകർ | |

**MATHEMATICS (U.P)** **ACADEMIC MASTER PLAN - 2025'-26** GUPS.Chalal

## പ്രവർത്തനം - 1 അടിസ്ഥാന ഗണിത ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ഗണിതം -അടിസ്ഥാന ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | നമ്പർ കാർഡ് ,ഫ്ലാഷ് കാർഡ് ,തുടങ്ങിയവ ഉപയോഗിച്ച് (കളിരീതിയിലൂടെ ) അടിസ്ഥാന ക്രിയകൾ ഉറപ്പ് വരുത്തുന്നു | ജൂൺ മാസം | ഗണിത അധ്യാപകർ | |
| **പ്രവർത്തനം - 2**<br>ഗണിത പദങ്ങൾ മനസ്സിലാക്കി പഠനം പുരോഗമിക്കുക | ഗണിത നിഘണ്ടു ഗണിത നിഘണ്ടു നിർമാണം | 9 മാസം | ഗണിത ക്ലബ്ബ് | |
| **പ്രവർത്തനം - 3**<br>ഗണിത പഠനശേഷി വികസിപ്പിക്കുക | **ജോമെട്രിക് പാറ്റേൺ ആൽബം**<br>(നിർമ്മാണം, പ്രദർശനം) ത്രികോണ മിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒരു മാസം | ഗണിത ക്ലബ്ബ്, അധ്യാപകർ | |

| | | | | |
|---|---|---|---|---|
| പ്രവർത്തനം - 4<br>ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജന പെടുത്തുന്നു. | I.T. സാധ്യതകളിലൂടെ<br><br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം പോലുള്ള പ്രവർത്തനങ്ങൾ . ഐ.ടി. സാധ്യതകളുടെ ഉപയോഗത്തിലൂടെ കുട്ടികളിൽ എത്തുന്നു | മാസത്തിൽ ഒരു പ്രാവശ്യം | S.R.G, ഗണിത ക്ലബ്ബ്. | |
| പ്രവർത്തനം - 5<br><br>ഗണിത പഠനപ്രവർത്ത-നങ്ങൾ സുഗമമാക്കൽ | ഗണിത ലാബ് പരിചയപ്പെടൽ / നവീകരണം.<br>ഗനിത ലാബ് നവീകരിക്കൽ, ലാബിൽ വച്ചുള്ള ക്ലാസ്സുകൾ | ആവശ്യാനുസരണം | S.R.G, ഗണിത ക്ലബ്ബ്. | |
| പ്രവർത്തനം - 6<br><br>* ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്<br><br>ഗണിതത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ കണ്ടെത്തി അധ്യാപകരുടെ നേതൃത്വത്തിലുള്ളൽ മാർഗ നിർദ്ദേശങ്ങൾ. | ആഴ്ചയിൽ ഒരു പീരിഡ് | ഗണിത അധ്യാപകരും സമർ ത്ഥരായ കുട്ടികളും. | |

| | | | | |
|---|---|---|---|---|
| <u>പ്രവർത്തനം - 7</u><br><br>• ഗണിതം എന്ന വിഷയത്തിൽ താലപര്യം ഉണ്ടാക്കുന്നു.<br><br>• ശരിയായ മൂലങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ഗണിത പഠനത്തെ പ്രയോജനപെടുത്തുക | <u>ഗണിത അസ്സംബ്ലി</u><br><br>ഗണിത അസ്സംബ്ലി, ഗണിത മാഗസിൻ / ചോദ്യബാങ്ക് പ്രകാശനം | മാസത്തിൽ ഒരു ദിവസം | ഗണിത ക്ലബ്ബ്. | |
| <u>പ്രവർത്തനം - 8</u><br><br>വിവിധ ശേഷികളുടെ വികസനം ഉറപ്പാക്കൽ | <u>ഗണിത ദിനാചരണം</u><br><br>ഗണിതവുമായി ബന്ധപെട്ട ദിനാചരണങ്ങൾ (ജൂൺ - മാർച്ച്) പ്രവർത്തനങ്ങൾ SRG യിൽ രൂപപെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# യു.പി. സാമൂഹ്യശാസ്ത്രം - ACADEMIC MASTER PLAN -2025-'26

GUPS Chalai

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ നേടിയെടുക്കൽ. | (1) <u>കളിയിൽ നിന്ന് കാര്യത്തിലേക്ക്</u><br>•സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന തല അറിവ് പരിശോധിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ. | ജൂൺ മാസം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| | • ICT ഉപയോഗപ്പെടുത്തിക്കൊണ്ട് നദികൾ, ഭൂപ്രകൃതി ....... തുടങ്ങിയവയെക്കുറിച്ച് ഒരു memory test നടത്തുന്നു | ജൂൺ മാസം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| • പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | (2) <u>ഫീൽഡ് ട്രിപ്പ്(Virtual)</u><br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രധാനമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| * ജനാധിപത്യപരമായ ജിവിത സമീപനം രൂപപെടുത്തുക | (3) <u>വിദ്യാലയത്തിൽ നിന്ന്... അരങ്ങത്തേയ്ക്ക് .......</u><br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം ജനാധിപത്യരീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| * പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | (4) <u>പ്രകൃതി താണ്ഡവം : നേർക്കാഴ്ച</u><br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, തുടങ്ങിയവയുടെ ഭീകരദൃശ്യങ്ങൾ കാണിക്കുകയും (videos) രക്ഷാപ്രവർത്തനങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുകയും ചെയ്യുക(with demonstration classes) | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| • വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യർത്ഥികളെ ബോധവാന്മാരാക്കുന്നു. | (5) <u>ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം</u><br><br>സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നി വിഷയങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | SRG<br>സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| • സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുന്നു | (6) <u>കാടെവിടെ മക്കളെ?</u><br><br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന, മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ എന്നിവയുടെ സർവേ റിപ്പോർട്ട് തയ്യാറാക്കൽ | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

## മേഖല : യു. പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. അക്ഷരബോധം ഉറപ്പിക്കൽ : 5-)o ക്ലാസ്സു മുതൽ ഹിന്ദി ആരംഭിക്കുന്നതിനാൽ ഹിന്ദി ഭാഷ ഇഷ്ടപ്പെടാനും അക്ഷരങ്ങളും ചിഹ്നങ്ങളും പരിചയപ്പെടാൻ അവസരം ഒരുക്കുക. പഠിച്ചെടുക്കുക. | പദങ്ങൾ, പദ്യങ്ങൾ, വാക്കുകൾ എന്നിവയിലൂടെ ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരകാർഡ്, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിച്ച് എഴുതിക്കുക എന്നിവ | ജൂൺ മുതൽ ഫെബ്രുവരി | ഹിന്ദി അധ്യാപിക | |
| 2. ഹിന്ദി വായന തെറ്റുകൂടാതെ ഹിന്ദി വായിക്കാനുള്ള പരിശ്രമം ചെയ്യും. | പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേയ്ക്ക് ആകർഷിപ്പിക്കും. ഹിന്ദി ചിത്രകഥകൾ അതിന്റെ താഴെ ഹിന്ദിയിൽ വാക്യമുള്ളവ (സി. ഡി) കാണിക്കും | ജൂൺ മുതൽ ഫെബ്രുവരി | ഹിന്ദി അധ്യാപിക | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 3. ഹിന്ദിയിൽ ആശയവിനിമയം നടത്തൽ. നിത്യജീവിതത്തിൽ ആവശ്യം വരുന്ന വാക്കുകളും വാക്യങ്ങളും പരിചയപ്പെടുത്തൽ | * ക്ലാസ്സുകളിൽ ആശയവിനിമയത്തിന് ഹിന്ദി ഉപയോഗിക്കും. ഹിന്ദി സംസാരിക്കുന്ന കുട്ടികളുമായി മറ്റ് കുട്ടികൾക്ക് ആശയവിനിമയം നടത്താനുള്ള അവസരം ഒരുക്കും<br><br>* മത്സര വായന തെറ്റില്ലാതെ അക്ഷരസ്ഫുടതയോടെ വായന നടത്തും<br><br>* വലിയ അക്ഷരങ്ങളോടു കൂടിയതും വർണ്ണചിത്രങ്ങൾ നിറഞ്ഞതുമായ ലളിതമായ ഹിന്ദി കഥാബുക്കുകൾ സമാഹരിച്ച് ഗ്രന്ഥശാല ഒരുക്കുക | ജൂൺ - വർഷാവസാനം | ഹിന്ദി അധ്യാപിക | |

മേഖല : U. P. English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു | **Follow me if you can** - ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു | **Land Your Ear** - ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ പ്രോത്സാഹിപ്പിക്കുന്നു | ജൂലൈ<br>ആഗസ്റ്റ് | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **<u>Missing Dialogue</u>** -<br><br>നേരത്തേ റെക്കോർഡ് ചെയ്ത സംഭാഷണം അധ്യാപിക കുട്ടികളെ കേൾപ്പിക്കുന്നു. ഇടയ്ക്ക് ചില സംഭാഷണങ്ങൾ നീക്കം ചെയ്ത രീതിയിൽ കേൾപ്പിക്കുന്നു. വിട്ടു പോയ ഭാഗം കുട്ടികൾക്ക് അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| (2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | <u>Leaning Ladder</u>- പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത വാക്കുകൾ ഉച്ചാരണം, അർത്ഥം എന്നിവ വ്യക്തമായി മനസ്സിലാക്കാൻ അവസരം നൽകുന്നു. ഈ വാക്കുകൾ **Mirror Reading** - ന് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് സമ്മാനങ്ങൾ നൽകുന്നു. | സെപ്റ്റംബർ - നവംബർ | ഇംഗ്ലീഷ് ക്ലബ്<br>ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | I Too Can വ്യത്യസ്ത തലങ്ങളിലായി വിവിധ വാക്കുകൾ ചേർത്ത് വാക്യങ്ങൾ ആക്കാൻ അവസരം നൽകുന്നു. ചാർട്ടിൽ ഈ വാക്കുകൾ ക്രമീകരിച്ച് വാക്യങ്ങൾ ആക്കുവാൻ അവസരം നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് ക്ലബ്ബ് | |
| 3. തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | <u>My Droplets</u>: കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു | വർഷാവസാനം | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **Alert Zone** :-<br>സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങൾ | ഇംഗ്ലീഷ് അധ്യാപകൻ | |
| | **E-cube**<br>മേൽ പ്രവർത്തനങ്ങൾക്കെല്ലാം Ecube Language Lab പരമാവധി പ്രയോജനപ്പെടുത്തി ഇംഗ്ലീഷ് ഭാഷയിലെ Listening, Speaking, Reading, Writing എന്നീ ശേഷികൾ പരമാവധി വർദ്ധിപ്പിക്കുക | വർഷം മുഴുവനും | | |

# UP BASIC SCIENCE - AMP 2025 - '26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| (1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | <u>നിശാഗന്ധി</u> - ജൈവ വൈവിധ്യ പാർക്ക്<br><br>ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ജൈവ വേലി എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവ വൈവിധ്യപാർക്ക് | അക്കാഡമിക വർഷം | ശാസ്ത്രാധ്യാപകൻ സയൻസ് ക്ലബ്ബ് | PTA |
| | <u>പരീക്ഷണക്കളരി</u> -<br><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ പരീക്ഷണങ്ങൾ നടത്തുന്നു.<br>പരീക്ഷണകുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണ ആൽബം തയ്യാറാക്കുന്നു | ജൂൺ മുതൽ | ശാസ്ത്രാധ്യാപകൻ സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| (2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക - ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | <u>എക്സ്പ്ലോ - എക്സ്പ്ലോർ</u><br><br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br><br><u>ശാസ്ത്ര വിസ്മയചുമർ</u><br><br>ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്രവിസ്മയ ചുമർ ഓരോ ക്ലാസ്സിലും നിർമ്മിക്കുന്നു | അക്കാഡമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | <u>മുഖാമുഖം</u><br><br>ശാസ്ത്രമേഖലയിലെ പ്രമുഖ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കുന്നു | അക്കാഡമിക വർഷം | ശാസ്ത്രാധ്യാപകർ | PTA<br>സയൻസ് ക്ലബ്ബ് |
| | <u>യുറേക്ക</u><br><br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസ്സുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാഡമിക വർഷം | ശാസ്ത്രാധ്യാപകർ | ശാസ്ത്രാധ്യാപകർ |

| | | | | |
|---|---|---|---|---|
| (3) ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക | <u>വിസ്മയ യാത്ര</u><br><br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേയ്ക്ക് എത്തിക്കുന്നു. ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാഡമിക വർഷം | ശാസ്ത്രാധ്യാപകർ | PTA സയൻസ് ക്ലബ്ബ് |

മേഖല: അക്കാദമികം
ഉപമേഖല : പ്രവൃത്തിപരിചയം

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| പ്രവൃത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉത്പന്നങ്ങൾ ഉണ്ടാക്കൽ. ഇതിനായി പ്രവൃത്തിപരിചയ അധ്യാപകന്റെ സേവനം ഉപയോഗപ്പെടുത്തൽ | 1 to 7 | ജൂൺ to മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA<br>SMC<br>MPTA |